# ലോക വനരോദനം

ജീവിതം വെട്ടിപ്പിടിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഉള്ള അന്വേഷണങ്ങൾക്ക് ശാസ്ത്രസാങ്കേതിക വിദ്യകൾ സമ്മാനിച്ച ഭൗതിക സുഖങ്ങളിൽ അന്ധരായി ആർത്തട്ടഹസിക്കുന്നവർ ഒരു വശത്ത്. ഭൗതികസുഖം ഉടനെ നേടാൻ ചൂഷണം കുറുക്കുവഴി ആയുധമായിക്കണ്ട മനുഷ്യൻ വരുത്തിയ ആഘാതം താങ്ങാനാവാതെ ഇന്നത്തെയും നാളത്തെയും തലമുറകൾ അനുഭവിക്കാൻ പോകുന്ന ഭീകരദുരന്തങ്ങൾ ഓർത്ത് അലമുറയിടുന്ന ഭൂമിദേവി മറ്റൊരുവശത്ത്.

ഇവർക്കിടയിൽ എന്തുചെയ്യണമെന്നറിയാതെ പകച്ചുനിൽക്കുന്ന, ആരുടെയോ ധൂർത്തിനും ആർഭാടത്തിനും അഹന്താശമനത്തിനും ഉടനെയോ സാവധാനമോ കുരുതികൊടുക്കാൻ വിധിക്കപ്പെട്ട അല്ലെങ്കിൽ സ്വന്തം മണ്ണിൽ നിന്ന് പിഴുതെറിയാൻ വിധിക്കപ്പെട്ട ശബ്ദമില്ലാത്തവർ. അവരുടെ ശബ്ദമായി നിന്ന് അരുതരുത് മക്കളേ എന്നു വിളിച്ചുപറയുന്ന ഒരുപിടി ഭ്രാന്തൻ ജനങ്ങൾ. വെറും വനരോദനമായി മാറികൊണ്ടിരിക്കുന്ന അവരുടെ ശബ്ദത്തിനിടയിൽ ഇതാ മറ്റൊരു ലോകവനദിനം (മാർച്ച് 21) വന്നു, പോയി! ഒരുവൻ ആരുടെ നന്മക്കുവേണ്ടിയാണോ ചോരയും നീരും ഒഴുക്കുന്നത് അവർ അവരോടൊപ്പം ഇല്ലെന്നു അറിഞ്ഞിട്ടുകൂടി കേണപേക്ഷിക്കുന്നു - ഭയപ്പാടിൽ വിറങ്ങലിച്ചുനിൽക്കുന്ന നമ്മുടെ രക്ഷകരായ മലനാടൻ കാടുകളെ ഇനിയെങ്കിലും അരിഞ്ഞു വീഴ്ത്താതിരിക്കണേ.

സംരക്ഷണവും പരിരക്ഷണവും എല്ലാം മരീചികയായി മാറിയ, എവിടെയും സാക്ഷരപൗരന്മാരെയും ബുദ്ധിജീവികളെയും കൊണ്ടുനിറഞ്ഞ ഒരു നാട്ടിൽ ഭൂമിയുടെ നിലവിളി കേൾക്കാൻ ആർക്കാണു നേരം? രോഗം കാണാതെ, കണ്ടിട്ടും കണ്ടെന്നു നടിക്കാതെ രോഗലക്ഷണങ്ങൾക്ക് പ്രതിവിധി തേടി ലക്ഷ്യം വിട്ടുപായുന്ന ഒരു നാട്. അവിടെ വന വിസ്തൃതി വെറും അഞ്ചു ശതമാനത്തിനുതാഴെയായി മാറിയതിൽ എന്താണത്ഭുതം? ഒരു രാജ്യത്തിന്റെ 33 1/3 ശതമാനം വനമായിരിക്കണം എന്നതത്രെ ആപ്തവാക്യം. മൂന്നു ഹെക്ടർ നാടിന് ജലവും സമൃദ്ധിയും നൽകി സംരക്ഷിക്കാൻ ഒരു ഹെക്ടർ കാടിനുകഴിയും എന്നതിനാലാണ് എങ്ങനെ പറയുന്നത്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നമ്മുടെ വനങ്ങൾക്കേറ്റ ആഘാതത്തിന് ക്രിയാത്മക പരിഹാരം ചെയ്യാനുള്ള അവസരമായി മാറുമോ ഈ ദിനാചരണം? ഞാനൊരു മരച്ചോട്ടിൽ കുളിർമ അനുഭവിക്കുമ്പോൾ, വിശന്ന് വലഞ്ഞ് ഒരു ഫലം ഭക്ഷിക്കുമ്പോൾ, ഉത്തരത്തിന് ഒരു മരം മുറിക്കുമ്പോൾ ...... ആ മരം ഞാൻനട്ടതല്ല എന്ന കുറ്റബോധം വളർത്താനുള്ള അവസരമായി മാറുമോ ഇത്?

ചില സാങ്കേതിക പദങ്ങളിൽ (ഉദാ: സുസ്ഥിരവികസനം, സുസ്ഥിര കൃഷി, അനന്തവികസനം.....) മനുഷ്യസമൂഹത്തെക്കൂട്ടി ഭൂമിയെ കൊല്ലുന്നതിനു പ്രേരണ നൽകുന്ന എല്ലാ തന്ത്രങ്ങളെയും തിരിച്ചറിയുന്നതിനുള്ള ഒരു സമയം കൂടിയാവണം ഇത്. ലോകവനദിനം ലോകവനരോദനമായി മാറാതിരിക്കട്ടെ.

**മുല്ലൂർ സുരേന്ദ്രൻ**